**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3340** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീ സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ 116 വില്ലേജുകളൊഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ 4 വർഷത്തിനകം പൂർത്തിയാക്കുന്നതിനായി 807.98 കോടി രൂപയുടെ പദ്ധതിക്ക് 18-01-2021 ലെ സ.ഉ(കൈ)24/2021/പ്ലാനിംഗ് പ്രകാരം തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ളതും 27-08-2021 ലെ സ.ഉ.(സാധാ)364/2021/പി & ഇ എ പ്രകാരം റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 339.438 കോടി രൂപ ആദ്യഘട്ടത്തിനായി അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. തുടർന്ന് ടി ഭരണാനുമതി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഒന്നാംഘട്ട ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾക്കായി 438.46 കോടി രൂപയ്ക്ക് 02-07- 2022 ലെ സ.ഉ(കൈ) നം 15/2022/ പി & ഇ എ പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയുണ്ടായി.<br><br>സംസ്ഥാനത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് 28 COR സ്റ്റേഷനുകളാണ് ആവശ്യമായിട്ടുള്ളത്. COR സ്റ്റേഷനുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗതിയിലാണ്. നിലവിൽ 21 സ്റ്റേഷനുകളുടെ ജോലികൾ പൂർത്തിയായിട്ടുള്ളതും ശേഷിക്കുന്ന സ്റ്റേഷനുകളുടെ ജോലികൾ പുരോഗതിയിലുമാണ്. കൂടാതെ RTK Rover, R-ETS തുടങ്ങിയ സർവെ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇത് കൂടാതെ 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും എംപ്ലോയ്മെന്റിൽ നിന്നും കരാറടിസ്ഥാനത്തിൽ നിയോഗിക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു.<br><br>ഡിജിറ്റൽ സർവെ പദ്ധതിക്കാവശ്യമായ സർവെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ |

| | | | |
|---|---|---|---|
| | | | നിയമിക്കുന്നതിനുള്ള നടപടികളും പൂർത്തിയാക്കി പദ്ധതിയുടെ ഭാഗമായുള്ള ഫീൽഡ് സർവെ താമസം കൂടാതെ ആരംഭിക്കാൻ സാധിക്കുന്നതാണ്. |
| (ബി) | എത്ര വർഷം കൊണ്ട് റീസർവ്വേ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നതെന്നും ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ; | (ബി) | നിലവിൽ ഡിജിറ്റലായി സർവ്വെ പൂർത്തിയായിട്ടുള്ളതും പുരോഗതിയിലുള്ളതുമായ വില്ലേജുകൾ ഒഴികെ ശേഷിക്കുന്ന 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ നൂതന സർവ്വെ സങ്കേതങ്ങൾ ഉപയോഗിച്ച് നാലു വർഷത്തിനകം പൂർത്തിയാക്കുന്നതിനുള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഭാഗമായി Continuously Operating Reference Stations (CORS), Real Time Kinematic Rover (RTK-Rover), Robotic Electronic Total Station (R-ETS) , DRONE തുടങ്ങിയ നൂതന സർവ്വെ സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വെ നടപടികൾ ത്വരിതഗതിയിൽ നടത്തുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. |
| (സി) | കൊടുങ്ങല്ലൂർ, ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിൽ ഡിജിറ്റൽ റീസർവ്വേ ആരംഭിക്കുന്നത് ഏതൊക്കെ വില്ലേജുകളിലാണെന്നും എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കാമോ? | (സി) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ 31 വില്ലേജുകളും, മുകുന്ദപുരം താലൂക്കിൽ 29 വില്ലേജുകളും, കൊടുങ്ങല്ലൂർ താലൂക്കിൽ 18 വില്ലേജുകളും ഉൾപ്പെട്ടു വരുന്നു. പ്രസ്തുത വില്ലേജുകളിൽ നാളിതു വരെ റീസർവ്വെ ജോലികൾ ആരംഭിച്ചിട്ടില്ല.<br><br>എന്നാൽ ജില്ലയിൽ അൺസർവ്വെയ്ഡ് വില്ലേജുകൾക്ക് പ്രാമുഖ്യം നൽകിയും, NH റോഡുകളുടെ സർവ്വെയ്ക്ക് പ്രഥമ സ്ഥാനം നൽകിയും ഫോറസ്റ്റ് ബൌണ്ടറികൾ കണക്കിലെടുത്തും ആദ്യഘട്ട സർവ്വെയ്ക്കായി തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ കൊടുങ്ങല്ലൂർ, ചാലക്കുടി, മുകുന്ദപുരം താലൂക്കുകളിലെ വില്ലേജുകൾ ഉൾപ്പെട്ടിട്ടില്ലാത്തതാണ്. അടുത്ത ഘട്ടങ്ങളുടെ സർവെയ്ക്കായി തിരഞ്ഞെടുക്കുന്ന വില്ലേജുകളിൽ ടി താലൂക്കുകളിലെ വില്ലേജുകൾ കൂടി ഉൾപ്പെടുത്തി റീസർവ്വെ ജോലികൾ പൂർത്തിയാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ